**പതിനാലാം കേരള നിയമസഭ**

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 511      03.03.2020-ലെ മറുപടിയ്ക്ക്

## സ്കൂളുകൾക്ക് സ്പോർട്സ് പരിശീലന ഉപകരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ.ഹരീന്ദ്രൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | വിദ്യാഭ്യാസ ഉപജില്ലയിലെയോ മണ്ഡലത്തിലെയോ ഏതെങ്കിലും ഒരു സ്കൂൾ കേന്ദ്രമാക്കി സ്പോർട്സ് പരിശീലന ഉപകരണങ്ങൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) & (ബി) | വിദ്യാർത്ഥികൾക്ക് പരിശീലനത്തിനായി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുന്ന പദ്ധതി നിലവിലില്ലെങ്കിലും മികച്ച പരിശീലനത്തിന് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്. |
| (ബി) | സ്കൂളുകൾക്ക് വിദ്യാർത്ഥികളുടെ പരിശീലനത്തിനായി സ്പോർട്സ് ഉപകരണങ്ങൾ നൽകുന്ന ഏതെങ്കിലും പദ്ധതി കായിക വകുപ്പിന് കീഴിൽ നിലവിലുണ്ടോ; | | |
| (സി) | സ്കൂൾ വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിനായി വകുപ്പ് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി), (ഡി) & (ഇ) | സ്കൂൾ വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിനായി കായികയുവജനകാര്യ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>**<br>ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക |
| (ഡി) | സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ കുട്ടികൾക്ക് കളിക്കുന്നതിനും കായികമേഖലയിൽ വളർച്ച കൈവരിക്കുന്നതിനും സഹായകമാകുന്ന തരത്തിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ? | | എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കു വേണ്ടിയുള്ള 14 സെന്ററുകളിലേക്ക് കൂടി വ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>**സ്പ്ലാഷ്**<br>ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സു മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.<br>**ഹൂപ്സ്**<br>സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.<br>**സ്പ്രിന്റ്- ഗ്രാസ്റൂട്ട് അത്ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം**<br>ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള |

അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്.

**പ്ലേ ഫോർ ഹെൽത്ത്**

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

**പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതി.**

ഹയർ സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തയ്ക്കോണ്ടോ, ജൂഡോ, കരാട്ടെ, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽ സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തൊട്ടാകെ 21,000/- കുട്ടികൾക്കാണ് ഒരു അക്കാദമിക് വർഷം പ്രസ്തുത പദ്ധതി പ്രകാരം പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.

**ഓപ്പറേഷൻ ഒളിമ്പ്യ**

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ,

| | | | |
|---|---|---|---|
| | | | കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ".<br>ടി കായികയിനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും, ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.<br>**<u>എലൈറ്റ് സ്കീം</u>**<br>മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്.<br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു.<br>കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ കോളേജ് തലത്തിൽ കായികഉപകരണങ്ങൾ വാങ്ങുന്നതിനും, കായിക പരിശീലനത്തിനും, പരിശീലകനും ട്രെയിനർമാർക്കും ഹോണറേറിയം, നവീകരണ പ്രവർത്തനങ്ങൾ, ഫിറ്റ്നസ്സ് സെന്റർ, ലാബ് |

| | | | |
|---|---|---|---|
| | | | എക്യൂപ്മെന്റ്, ഫിസിയോളജി ലാബ്, സ്മാർട്ട് റൂം എന്നീ ആവശ്യങ്ങൾക്കും, കോളേജ് തലത്തിലെ വിദ്യാർത്ഥികൾക്കായി സ്പോർട്സ് മീറ്റ് സംഘടിപ്പിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി വിവിധ പരിശീലന പദ്ധതികൾ നടത്തുന്നതിനും, കോഴിക്കോട് ഗവ.ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കായിക പരിപാടികൾ നടത്തുന്നതിനും തുക അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**